Set A

# ആത്യന്തിക വിലയിരുത്തൽ III 2025-26

(മാതൃകചോദ്യപേപ്പർ)

## രസതന്ത്രം

സമയം: 1½ മണിക്കൂർ | ക്ലാസ് : X

ആകെ സ്കോർ: 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- നിർദേശങ്ങൾക്കനുസരിച്ച് ഉത്തരം എഴുതുക.
- ചോദ്യത്തിന്റെ സ്കോർ പരിഗണിച്ച് ഉത്തരമെഴുതുക.
- A, B ചോയ്സ് ഉള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.

---

**1 മുതൽ 4 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (4 × 1 =4)**

1. പ്രസ്താവന (A) : 1 atm മർദത്തിൽ 44 L വ്യാപ്തം ഉള്ള വാതകം 4 atm മർദത്തിൽ 11 L ആയി ചുരുങ്ങും.

   കാരണം (R) : ബോയിൽ നിയമ പ്രകാരം $P_1V_1=P_2V_2$.

   ചുവടെ നൽകിയിരിക്കുന്നവയിൽ ശരിയായത് ഏതാണ്? (1)

   A. A, R എന്നിവ ശരിയാണ്, R ആണ് A യുടെ ശരിയായ വിശദീകരണം.

   B. A, R എന്നിവ ശരിയാണ്, പക്ഷേ R, A യുടെ ശരിയായ വിശദീകരണം അല്ല.

   C. A ശരി, R തെറ്റ്.

   D. A തെറ്റ്, R ശരി.

2. ഒരു മൂലകത്തിന്റെ അറ്റോമിക നമ്പർ 24 ആണ്. ഈമൂലകത്തെ സംബന്ധിച്ച് ചില പ്രസ്താവനകൾ ചുവടെ നൽകിയിരിക്കുന്നു.

   പ്രസ്താവന 1. ഈ മൂലകത്തിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം

   $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^4\ 4s^2$ എന്നാണ്.

   പ്രസ്താവന 2. അവസാന ഇലക്ട്രോൺ പൂരണം നടക്കുന്നത് d സബ്ഷെല്ലിലാണ്.

   പ്രസ്താവന 3. അവസാന ഇലക്ട്രോൺ പൂരണം നടക്കുന്ന സബ്ഷെല്ലിന്റെ $l$ വില 1 ആണ്.

   പ്രസ്താവന 4. ബാഹ്യതമ ഇലക്ട്രോൺ ഉൾപ്പെടുന്ന സബ്ഷെല്ലിൽ 5 ഓർബിറ്റലുകൾ ഉണ്ട്.

   ഈ പ്രസ്താവനകളെ സംബന്ധിച്ച് ചുവടെ നൽകിയിരിക്കുന്നവയിൽ ശരിയായത് ഏത്? (1)

   A. പ്രസ്താവന 1 ഉം 2 ഉം 3 ഉം ശരിയാണ് എന്നാൽ 4 ശരിയല്ല.

   B. പ്രസ്താവന 1, 2, 3, 4 ശരിയാണ്.

   C. പ്രസ്താവന 1 ശരിയല്ല എന്നാൽ 2, 3, 4 ശരിയാണ്.

   D. D പ്രസ്താവന 1 ഉം 3 ഉം ശരിയല്ല എന്നാൽ 2 ഉം 4 ഉം ശരിയാണ്.

© State Assessment Cell - SCERT, Kerala

3. ചുവടെ നൽകിയിരിക്കുന്നവയിൽ ആസിഡിക് ലവണം ഏത്? (1)

A. NaCl B. $Na_2CO_3$

C. $NH_4Cl$ D. $K_2SO_4$

4. ചേരുംപടി ചേർക്കുക.

| **A**<br>**അയിരിന്റെ പ്രത്യേകത** | **B**<br>**സാന്ദ്രണ രീതി** |
|---|---|
| X) അയിരിന് അപദ്രവ്യത്തേക്കാൾ സാന്ദ്രത കൂടുതൽ | p) പ്ലവന പ്രക്രിയ |
| Y) അയിരിന് അപദ്രവ്യത്തേക്കാൾ സാന്ദ്രത കുറവ് | q) കാന്തിക വിഭജനം |
| Z) അയിരിന്റെ കാന്തിക സ്വഭാവം | r) ജലപ്രവാഹത്തിൽ കഴുകിയെടുക്കൽ |
| | s) ലീച്ചിംഗ് |

താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1)

| | X | Y | Z |
|---|---|---|---|
| A) | p | q | s |
| B) | p | r | q |
| C) | s | p | r |
| D) | r | p | q |

**5 മുതൽ 11 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ചോയ്സ് ഉണ്ട്. 2 സ്കോർ വീതം. (7 × 2 =14)**

5. സംതുലനാവസ്ഥയിലുള്ള ഒരു ഉഭയദിശാ പ്രവർത്തനം നൽകിയിരിക്കുന്നു.

$$2NO_{(g)} + O_{2(g)} \rightleftharpoons 2NO_{2\,(g)} + \text{താപം}$$

ഈ രാസപ്രവർത്തനത്തിൽ നൈട്രജൻ ഡൈഓക്സൈഡിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് ഗാഢതയിലും മർദത്തിലും വരുത്തേണ്ട മാറ്റങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (2)

6.(A) ഒരു പ്രൊപ്പൈൻ തന്മാത്രയെ രണ്ട് ഹൈഡ്രജൻ തന്മാത്രകളുമായി പ്രവർത്തിപ്പിക്കുന്നു.

a) ഈ പ്രവർത്തനത്തിന്റെ രാസസമവാക്യം എഴുതുക (1)

b) ലഭിക്കുന്ന ഉൽപന്നത്തിന്റെ IUPAC നാമം എഴുതുക (1)

**അല്ലെങ്കിൽ**

(B) ഈഥെയ്ൻ സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ ക്ലോറിനുമായി പ്രവർത്തിക്കുന്നു.

a) ഈ രാസപ്രവർത്തനം ഏത് പേരിൽ അറിയപ്പെടുന്നു? (1)

b) ലഭിക്കുന്ന ഉൽപന്നത്തിന്റെ IUPAC നാമം എഴുതുക. (1)

© State Assessment Cell - SCERT, Kerala

7. $CuSO_4$ ലായനിയിൽ ഒരു Zn ദണ്ഡ് അൽപസമയം ഇട്ടു വയ്ക്കുന്നു.

a) Zn ദണ്ഡിന്റെ ഉപരിതലത്തിൽ എന്ത് മാറ്റമാണ് നിരീക്ഷിക്കുന്നത്? (1)

b) $CuSO_4$ ലായനിയുടെ നീല നിറം മങ്ങുന്നതിന് കാരണമെന്ത്? (1)

8.(A) സ്ഥിരമർദത്തിൽ ഒരു നിശ്ചിത മാസ് വാതകത്തിന്റെ വ്യാപ്തവും താപനിലയും തമ്മിലുള്ള ബന്ധമാണ് ചുവടെ ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നത്.




a) ഈ ഗ്രാഫ് ഏത് വാതക നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു. (1)

b) 300 K ൽ ഈ വാതകത്തിന്റെ വ്യാപ്തം 150 L ആണെങ്കിൽ 600 K ൽ ഈ വാതകത്തിന്റെ വ്യാപ്തം എത്ര? (1)

**അല്ലെങ്കിൽ**

(B) സ്ഥിര താപനിലയിലും, മർദത്തിലും സ്ഥിതിചെയ്യുന്ന 10 L ഓക്സിജനിൽ X തന്മാത്രകൾ അടങ്ങിയിരിക്കുന്നു. ഇതേ താപനിലയിലും മർദത്തിലും സ്ഥിതിചെയ്യുന്ന മറ്റ് വാതക സാമ്പിളുകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

a) 5 L ഹൈഡ്രജനിലെ തന്മാത്രകളുടെ എണ്ണം എത്ര? (1)

b) 3X $CO_2$ തന്മാത്രകളുടെ വ്യാപ്തം എത്ര? (1)

9. s ബ്ലോക്ക് മൂലകങ്ങളുടെ അയോണീകരണ എൻഥാൽപി p ബ്ലോക്കിലെ മൂലകങ്ങളേക്കാൾ കുറവാണ്.

a) അയോണീകരണ എൻഥാൽപി എന്നാൽ എന്ത്? (1)

b) രണ്ടാം പീരിയഡിലെ അയോണീകരണ എൻഥാൽപി ഏറ്റവും കൂടിയ മൂലകം ഏത്? (1)

10. സിങ്കിന്റെ രണ്ട് അയിരുകളുടെ സാന്ദ്രണവുമായി ബന്ധപ്പെട്ട അപൂർണ്ണ സമവാക്യങ്ങളാണ് തന്നിരിക്കുന്നത്.

i. $ZnCO_3$ + താപം ⟶ $\underset{\text{------}}{X}$ + $CO_2$

ii. ZnS + $O_2$ + താപം ⟶ $\underset{\text{------}}{Y}$ + $SO_2$

a. X, Y ഇവ എന്തെന്ന് എഴുതുക. (1)

b. റോസ്റ്റിങ്ങിൽ നിന്ന് കാൽസിനേഷൻ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? (1)

© State Assessment Cell - SCERT, Kerala

11. തന്നിരിക്കുന്ന സംയുക്തത്തിന്റെ ഘടന വിശകലനം ചെയ്യുക.

```
              CH2–CH2–CH3
               |
CH3–CH2 –CH–CH2–CH3
```

a) പ്രധാന ചെയിനിലെ കാർബൺ ആറ്റങ്ങളുടെ എണ്ണം എത്ര? (1)

b) ശാഖയായി വരുന്ന ആൽക്കൈൽ ഗ്രൂപ്പിന്റെ പേര് എന്ത്? (1)

**12 മുതൽ 17 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ചോയ്സ് ഉണ്ട്. 3 സ്കോർ വീതം. (6 × 3=18)**

12. ബോക്സിൽ നൽകിയിരിക്കുന്നവ ശ്രദ്ധിക്കുക.

| |
|---|
| Zn, Mg, Cu, $CuSO_4$ ലായനി, $MgSO_4$ ലായനി,<br>$ZnSO_4$ ലായനി, സാൾട്ട് ബ്രിഡ്ജ് |

a) ഇവ ഉപയോഗിച്ച് എത്ര ഗാൽവാനിക് സെല്ലുകൾ നിർമ്മിക്കാം? (1)

b) ഈ ഗാൽവാനിക് സെല്ലുകളിൽ ഏതിലാണ് വോൾട്ടേജ് മൂല്യം ഏറ്റവും കൂടുതൽ? (1)

c) വോൾട്ടേജ് മൂല്യം ഏറ്റവും കൂടുതലുള്ള ഗാൽവാനിക് സെല്ലിലെ ആനോഡിൽ നടക്കുന്ന രാസപ്രവർത്തന സമവാക്യം എഴുതുക. (1)

13. സോഡിയം ഹൈഡ്രോക്സൈഡ് വ്യാവസായികമായി നിർമ്മിക്കുന്നത് ക്ലോർ-ആൽക്കലി പ്രക്രിയ യിലൂടെയാണ്.

A. ഈ പ്രക്രിയയിൽ ഏത് പദാർഥത്തിന്റെ ജലീയ ലായനിയെയാണ് വൈദ്യുതവിശ്ലേഷണ ത്തിന് വിധേയമാക്കുന്നത്? (1)

B. സ്തരസെല്ലിന്റെ കാഥോഡിൽ നിരോക്സീകരണത്തിന് വിധേയമാകുന്ന പദാർഥം ഏത്? (1)

C. സോഡിയം ഹൈഡ്രോക്സൈഡിനെ കൂടാതെ ലഭിക്കുന്ന ഉൽപന്നങ്ങൾ ഏതെല്ലാം? (1)

14. (A) $CO_2$, $SO_2$ എന്നീ വാതകങ്ങൾ STP യിൽ സ്ഥിതി ചെയ്യുന്നു. ഇവയുടെ വ്യാപ്തം 112 L ആണ്.

a) STP യിൽ സ്ഥിതി ചെയ്യുന്ന ഒരു മോൾ വാതകത്തിന്റെ വ്യാപ്തം എത്ര? (1)

b) 112 L $CO_2$ ന്റെ മാസ് എത്ര? (1)

(മോളിക്യുലാർ മാസ് $CO_2$ = 44)

c) $SO_2$ ലെ തന്മാത്രകളുടെ എണ്ണം എത്ര? (1)

**അല്ലെങ്കിൽ**

(B) STP യിൽ നടക്കുന്ന ഒരു രാസപ്രവർത്തനമാണ് ചുവടെ നൽകിയിരിക്കുന്നത്.

$$CH_4 + 2O_2 \longrightarrow CO_2 + 2\,H_2O$$

© State Assessment Cell - SCERT, Kerala

a) 10 മോൾ ഓക്സിജനുമായി പ്രവർത്തിക്കുവാൻ എത്ര മോൾ മീഥെയ്ൻ ആവശ്യമാണ്? (1)

b) 64 g മീഥെയ്ൻ പൂർണ്ണമായും ജ്വലിച്ചാൽ ലഭിക്കുന്ന $CO_2$ ന്റെ മാസ്, വ്യാപ്തം എന്നിവ കണക്കാക്കുക. (2)

(മോളിക്യുലാർ മാസ് $CH_4 = 16, O_2 = 32, CO_2 = 44, H_2O = 18$)

15. മൊളാസസ്സ് നേർപ്പിച്ച ശേഷം യീസ്റ്റ് ചേർത്ത് ഫെർമെന്റേഷൻ നടത്തിയാണ് എഥനോൾ നിർമ്മിക്കുന്നത്. യീസ്റ്റിലുള്ള എൻസൈമായ ഇൻവർട്ടേസ് പഞ്ചസാര ലായനിയെ ഗ്ലൂക്കോസും ഫ്രക്ടോസുമാക്കി മാറ്റുന്നു. തുടർന്ന് മറ്റൊരു എൻസൈമായ സൈമേസ്, ഗ്ലൂക്കോസിനെയും ഫ്രക്ടോസിനെയും എഥനോളാക്കി മാറ്റുന്നു.

a) ഈ പ്രവർത്തനങ്ങളുടെ രാസസമവാക്യങ്ങൾ എഴുതുക (2)

b) പവർ ആൽക്കഹോൾ എന്നാൽ എന്ത് ? (1)

16. (A) അലുമിനയിലേക്ക് ക്രയോലൈറ്റ് ചേർത്ത് വൈദ്യുതവിശ്ലേഷണം ചെയ്താണ് അലുമിനിയം നിർമ്മിക്കുന്നത്.

a) അലുമിനയിൽ ക്രയോലൈറ്റ് ചേർക്കുന്നത് എന്തിന്? (1)

b) അലുമിനയിൽ അടങ്ങിയിരിക്കുന്ന അയോണുകൾ ഏവ? (1)

c) നെഗറ്റീവ് ഇലക്ട്രോഡിൽ നടക്കുന്ന നിരോക്സീകരണ പ്രവർത്തനത്തിന്റെ രാസസമവാക്യം എഴുതുക. (1)

**അല്ലെങ്കിൽ**

(B) ബ്ലാസ്റ്റ് ഫർണസ്സ് എന്ന സംവിധാനം ഉപയോഗിച്ചാണ് ഹേമറ്റൈറ്റിനെ അയൺ ആക്കി മാറ്റുന്നത്.

a) ബ്ലാസ്റ്റ് ഫർണസ്സിൽ നിരോക്സീകാരിയായി പ്രവർത്തിക്കുന്ന സംയുക്തം ഏത്? (1)

b) ചുവടെ നൽകിയിരിക്കുന്ന സമവാക്യങ്ങൾ പൂർത്തിയാക്കുക. (1)

$$CaCO_3 + \text{താപം} \longrightarrow \underline{A} + CO_2$$
$$\underline{A} + SiO_2 \longrightarrow \underline{B}$$

c) ഇവിടെ 'A' യുടെ ധർമ്മം എന്ത്? (1)

17. A, B എന്നീ മൂലകങ്ങളുടെ ആറ്റങ്ങളിൽ 3 ഷെല്ലുകൾ വീതമുണ്ട് (പ്രതീകങ്ങൾ യഥാർഥമല്ല). മൂലകം A ഗ്രൂപ്പ് 13 ലും മൂലകം B ഗ്രൂപ്പ് 16 ലും ഉൾപ്പെടുന്നു.

a) A എന്ന മൂലകത്തിന്റെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക (1)

b) ഈ രണ്ട് മൂലകങ്ങളും ഏത് ബ്ലോക്കിൽ ഉൾപ്പെടുന്നവയാണ്? (1)

c) മൂലകം A യുടെ ക്ലോറൈഡ് സംയുക്തത്തിൽ A യുടെ ഓക്സീകരണാവസ്ഥ എത്ര? (1)

(ഓക്സീകരണാവസ്ഥ Cl = -1)



© State Assessment Cell - SCERT, Kerala

**ചോദ്യം പതിനെട്ടിന് ചോയ്സ് ഉണ്ട്. 4 സ്കോർ.** **(1 × 4 =4)**

18.(A) ഒരു ഓർഗാനിക് സംയുക്തത്തിന്റെ ഒരു തന്മാത്രയിൽ 4 കാർബൺ ആറ്റങ്ങളും 10 ഹൈഡ്രജൻ ആറ്റങ്ങളും ഒരു ഓക്സിജൻ ആറ്റവും അടങ്ങിയിരിക്കുന്നു. ഇതിലെ ഫങ്ഷണൽ ഗ്രൂപ്പ് ഹൈഡ്രോക്സിൽ ഗ്രൂപ്പാണ്.

a) ഈ സംയുക്തത്തിന്റെ ഘടനാവാക്യം എഴുതുക. (1)

b) ഇതേ തന്മാത്രാവാക്യമുള്ളതും ഫങ്ഷണൽ ഗ്രൂപ്പ് വ്യത്യസ്തവുമായ മറ്റൊരു ഓർഗാനിക് സംയുക്തത്തിന്റെ ഘടനാവാക്യം എഴുതുക. (1)

c) ഈ തന്മാത്രാവാക്യമുള്ള ഒരു ജോഡി പൊസിഷൻ ഐസോമെറുകളുടെ ഘടനാവാക്യങ്ങൾ എഴുതുക. (1)

d) ഇതേ തന്മാത്രാവാക്യമുള്ളതും എന്നാൽ ഫങ്ഷണൽ ഗ്രൂപ്പുകളുടെ ഇരുവശങ്ങളിലും വ്യത്യസ്ത ആൽക്കൈൽ ഗ്രൂപ്പുകളുള്ളതുമായ ഐസോമെറുകളുടെ ഘടനാവാക്യം എഴുതുക. (1)

**അല്ലെങ്കിൽ**

(B) ഒരു സംയുക്തത്തിന്റെ IUPAC നാമം പെന്റ്-1-ഐൻ എന്നാണ്.

a) ഇവ ഉൾപ്പെടുന്ന ഹോമലോഗസ് സീരീസിന്റെ പേര് എന്ത്? (1)

b) ഈ സംയുക്തത്തിന്റെ ഘടനാവാക്യം എഴുതുക. (1)

c) ഈ തന്മാത്രാവാക്യമുള്ള ഒരു ജോഡി പൊസിഷൻ ഐസോമെറുകളുടെ ഘടനാവാക്യങ്ങൾ എഴുതുക. (1)

d) 5 കാർബൺ ആറ്റങ്ങൾ അടങ്ങിയ ഒരു ആൽക്കെയ്നിന്റെ ഒരു ശാഖയുള്ളതും രണ്ട് ശാഖകൾ ഉള്ളതുമായ ചെയിൻ ഐസോമെറുകളുടെ ഘടനാവാക്യങ്ങൾ എഴുതുക. (1)

© State Assessment Cell - SCERT, Kerala